# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1138 — 29.09.11-ൽ മറുപടിക്ക്

**കൂളിയാട് കടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കാൻ നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. ചന്ദ്രൻ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ കൂളിയാട് കടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) കൂളിയാട് കടവ് പാലം നിർമ്മാണത്തിനായി ഇൻവെസ്റ്റിഗേഷൻ നടത്തി സമർപ്പിച്ച രേഖയിൽ ചില പോരായ്മകൾ ഉള്ളതുകൊണ്ട് പാലത്തിന്റെ രൂപകല്പന ലഭ്യമാക്കാൻ കാലതാമസം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) മുൻ സർക്കാരിന്റെ കാലത്ത് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കിട്ടിയ ഈ പാലത്തിന്റെ പ്രവൃത്തിക്ക് ഇതുവരെ ഡിസൈൻ തയ്യാറാക്കിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) & (സി) ഇൻവെസ്റ്റിഗേഷൻ വഴി ലഭിച്ച രേഖയിലെ പോരായ്മകൾ പരിഹരിച്ച് അന്തിമ രൂപകല്പന നടത്തുവാനായി ബ്രിഡ്ജ് ബോർഡ് ചീഫ് എഞ്ചിനീയർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം മുടങ്ങിക്കിടക്കുന്ന ഈ പാലത്തിന്റെ സാങ്കേതിക പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ; | |
| (ഡി) പാലത്തിന്റെ സാങ്കേതിക പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തിയ ഉദ്യോഗസ്ഥർക്ക് എതിരെ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ ? | (ഡി) പാലത്തിന്റെ സാങ്കേതിക പ്രവർത്തനങ്ങൾ മന:പൂർവ്വം ആരെങ്കിലും തടസ്സപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ